# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1293 — 02.03.2017 -ലെ മറുപടിയ്ക്ക്

## സ്വാശ്രയ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽ കുമാർ<br>,, വി.പി.സജീന്ദ്രൻ<br>,, അൻവർ സാദത്ത് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ സ്വാശ്രയ കോളേജുകളിൽ പലതും വിദ്യാർത്ഥികളെ സാംസ്കാരികമായി മികച്ച തലമുറകളായി വളർത്തുന്ന കാര്യത്തിൽ പരാജയമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.<br>എ.പി.ജെ അബ്ദുൾകാലാം സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ടോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഫോർ സ്റ്റാർട്ട് അപ്പ്സിന്റെ പ്രവർത്തനം സുതാര്യമല്ലാത്തതിനാൽ തുടർ അംഗീകാരം നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.<br>2016-17 വർഷം വേണ്ടത്ര നിലവാരമില്ലാത്ത മൂന്ന് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടിയിട്ടുണ്ട്.<br><br>ബന്ധപ്പെട്ട റഗുലേറ്ററി അതോറിറ്റിയുടെ നിർദ്ദേശങ്ങൾ കർശമായി പാലിക്കുന്നുണ്ട് എന്ന് സർവ്വകലാശാലകൾ ഉറപ്പ് വരുത്താറുണ്ട്. |
| (ബി) | പ്രവർത്തന സുതാര്യത ഉറപ്പുവരുത്താത്ത സ്വാശ്രയ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനും, പരീക്ഷാഫലം മോശമായ കോളേജുകൾ അടച്ചു പൂട്ടുന്നതിനും സർക്കാരിന് അധികാരമുണ്ടെന്നിരിക്കെ സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ ഏതെങ്കിലും സ്വാശ്രയ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനോ , അടച്ചുപൂട്ടാനോ നിർദ്ദേശം നൽകിയിട്ടുണ്ടോ; | | |
| (സി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും പരാതികൾ കേൾക്കുവാനും സർവ്വകലാശാലകൾ ജില്ലാ ജഡ്ജി റാങ്കിലുള്ള ഓംബുഡ്സ്മാനെ നിയമിക്കണമെന്നുള്ള എ.ഐ.സി.പി.ഇ. നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | എ.പി.ജെ അബ്ദുൾകാലാം സാങ്കേതിക സർവ്വകലാശാലയിൽ എ.ഐ.സി.റ്റി.ഇ. മാനദണ്ഡപ്രകാരം ഓംബുഡ്സ്മാനെ നിയമിക്കുവാനുള്ള നടപടി പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ